പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 128

27-06-2011-ൽ മറുപടിക്ക്

## മത്സ്യബന്ധന വള്ളങ്ങൾക്കുള്ള മണ്ണെണ്ണ സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി തോമസ്<br>ശ്രീ.സി.കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) കേരളത്തിൽ മത്സ്യബന്ധനത്തിന് പോകുന്ന വള്ളങ്ങൾക്ക് എത്ര മണ്ണെണ്ണയാണ് അനുവദിക്കുന്നത്; | എ) 10 എച്ച്പി യ്ക്കു താഴെയുള്ള എഞ്ചിന് 136 ലിറ്റർ മണ്ണെണ്ണയും, 10 എച്ച്പി മുതൽ 15 എച്ച്പി-വരെയുള്ള എഞ്ചിന് 143 ലിറ്റർ മണ്ണെണ്ണയും, 15 എച്ച്പി-ക്ക് മുകളിലുള്ള എഞ്ചിന് 193 ലിറ്റർ മണ്ണെണ്ണയും നൽകിവരുന്നു. |
| ബി) ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് ഇപ്പോൾ എന്ത് സബ്സിഡി നൽകുന്നു എന്ന് വ്യക്തമാക്കാമോ; | ബി) സിവിൽ സപ്ലൈസ് വഴിയാണ് മണ്ണെണ്ണ വിതരണം ചെയ്യുന്നത്. സബ്സിഡിയൊന്നും നൽകുന്നില്ല. സിവിൽ സപ്ലൈസ് വഴി 1 ലിറ്റർ മണ്ണെണ്ണ 13 രൂപയ്ക്കാണ് നൽകുന്നത്. |
| സി) കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ നല്കാൻ സബ്സിഡി അനുവദിക്കുവാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുന്നുണ്ടോ; എങ്കിൽ ഒരു ലിറ്ററിന് എത്ര വിലക്കുറവ് അനുവദിക്കുന്നു എന്ന് വ്യക്തമാക്കാമോ? | സി) കേന്ദ്രസർക്കാർ നിലവിൽ മത്സ്യബന്ധനത്തിന് മണ്ണെണ്ണ ക്വാട്ട അനുവദിക്കുന്നില്ല. ഗാർഹിക ഉപയോഗത്തിന് സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണ ക്വാട്ടയിൽ നിന്നുള്ള ഒരു വിഹിതമാണ് സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ